(ഇ) പൊതുമേഖലാ സ്ഥാപനങ്ങളിലെ കെടുകാര്യസ്ഥതയെക്കുറിച്ചും പ്രഗത്ഭരുടെ അഭാവത്തെക്കുറിച്ചും ശിൽപശാലയിൽ ചർച്ചകൾ ഉണ്ടായോ ?

ഉത്തരം

(എ) തൊഴിലാളികൾക്ക് മാതൃകാ പെരുമാറ്റച്ചട്ടം ആവിഷ്ക്കരിക്കുന്നതിലേക്ക് തൊഴിൽവകുപ്പ് സംഘടിപ്പിച്ച ശിൽപശാല കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടിട്ടുണ്ട്. തൊഴിലാളി, തൊഴിലുടമ, സർക്കാർ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്ത ശിൽപശാലയിൽ തൊഴിലാളി-തൊഴിലുടമ, സർക്കാർ എന്നിവർ പാലിക്കേണ്ട പെരുമാറ്റചട്ടത്തിന്റെ കരട് രൂപ രേഖ തയ്യാറായിട്ടുണ്ട്. എന്നാൽ ഇതിന് ഒരു അന്തിമ രൂപം നൽകിയിട്ടില്ല. ഇത് സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ചു വരുന്നു.

(ബി&സി) ഈ കാര്യങ്ങളെ കുറിച്ചുണ്ടായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊരുമാറ്റച്ചട്ടത്തിന് അന്തിമ രൂപം നൽകിവരുന്നതേയുള്ളൂ.

(ഡി) ഉണ്ട്.

(ഇ) ഉണ്ടായി. ഇക്കാര്യം പരിശോധനയിലാണ്.

തൊഴിലാളി ക്ഷേമനിധി

55 (207) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി ഏതെങ്കിലും വിഭാഗം തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെറുകിട തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി.

2. അലക്ക് ബാർബർ തൊഴിലാളി ക്ഷേമനിധി.
3. കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി.
4. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി.

ചെറുകിട തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള ബിൽ (ബിൽ നമ്പർ 224) പ്രസിദ്ധീകരിച്ചിട്ടുണ്ട്. അലക്ക് ബാർബർ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് ക്ഷേനിധി രൂപീകരിക്കുന്നതിനുള്ള ക്ഷേമനിധി ബിൽ മന്ത്രി സഭ അംഗീകരിച്ചിട്ടുണ്ട്. ഇത് താമസിയാതെ തന്നെ ബില്ലായി അവതരിപ്പിക്കുന്നതാണ്. കടകളിലേയും വാണിജ്യസ്ഥാപനങ്ങളിലെയും തൊഴിലാളികൾക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തവർ

56 (208) ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതർ എത്രയായിരുന്നു ;

(ബി) 2000 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 30-4-1996 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം 3108376 ആയിരുന്നു.

(ബി) 2000 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ എണ്ണം 3784268 ആണ്.

ആശ്രാമം ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി

57 (209) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രാമം ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്ക് തറക്കല്ലിട്ടത് എന്നാണ് ;

(ബി) കെട്ടിടത്തിന്റെ പ്ലാനും ഡിസൈനും തയ്യാറാക്കി നൽകുന്നതിലും തുടർ നടപടി സ്വീകരിക്കുന്ന കാര്യത്തിലും കേരള സർക്കാരിന്റെ താല്പര്യക്കുറവാണ് ആശുപത്രി യാഥാർത്ഥ്യമാകാത്തതിന് കാരണമെന്ന മുൻകേന്ദ്രതൊഴിൽ വകുപ്പ് മന്ത്രിയുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആശുപത്രി കെട്ടിടത്തിന്റെ പണി നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ആശുപത്രി പണിയുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly